# പെൻഷൻ അപേക്ഷ ഓൺലൈൻ സമർപ്പണം

01.04.2016 മുതൽ ഓൺലൈനായി മാത്രമെ ക്ഷീരകർഷക ക്ഷേമനിധി പെൻഷനു അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു. ക്ഷേമനിധി അംഗത്തിന്റെ പ്രൊഫൈൽ പേജിൽ ലോഗിൻ ചെയ്തു വേണം അപേക്ഷ സമർപ്പിക്കുവാൻ.

ഓൺലൈനായി ക്ഷേമനിധി അംഗത്വം എടുത്തിട്ടുള്ള ക്ഷീരകർഷകർക്ക് രജിസ്റ്റർ ചെയ്ത സമയത്ത് ലഭിച്ച യൂസർ നെയിം, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈൽ പേജിലേയ്ക്ക് ലോഗിൻ ചെയ്യാം. പഴയ അംഗങ്ങളെ സംബന്ധിച്ച് അംഗത്വ നമ്പറാണ് യൂസർ നെയും. 'kdfwfb' എന്നതാണ് പാസ്സ് വേർഡ്. ക്ഷീരവികസന ഓഫീസർ അംഗത്വം 'unlock' ചെയ്താൽ മാത്രമെ ക്ഷീരകർഷകന്റെ പ്രൊഫൈൽ പേജിലേയ്ക്ക് ലോഗിൻ ചെയ്യുവാൻ സാധിക്കുകയുള്ളു.

ക്ഷീരകർഷകന്റെ പ്രൊഫൈൽ പേജിൽ 'Pension Application' എന്ന ഓപ്ഷൻ ലഭ്യമാണ്. അത് ക്ലിക്ക് ചെയ്യുമ്പോൾ ഓൺലൈൻ പെൻഷൻ അപേക്ഷ ലഭ്യമാകുന്നു.

അപേക്ഷയിൽ വേണ്ട വിവരങ്ങൾ നൽകി ഒരു പാസ്സ്പോർട്ട് വലുപ്പത്തിലെ ഫോട്ടോ, മേൽവിലാസത്തിനുള്ള രേഖ, തിരിച്ചറിയൽ രേഖ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് തുടങ്ങിയവ നൽകി അപേക്ഷ സമർപ്പിക്കാം.

തുടർന്ന് അപേക്ഷ സംഘം സെക്രട്ടറിയുടെ Inbox ലേയ്ക്ക് ലഭിക്കുന്നു. സംഘം സെക്രട്ടറിയുടെ home page- ൽ MILK ENTRY എന്ന ടാബ് ഉണ്ട്. അതിൽ ഒരു ക്ഷേമനിധി അംഗത്തിനെ തെരഞ്ഞെടുത്ത് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ പാലളവ് നൽകുവാൻ സാധിക്കുന്നു. തുടർന്ന് അംഗത്വ അപേക്ഷ പരിശോധന പോലെ പെൻഷൻ അപേക്ഷ പരിശോധിച്ച് സംഘം സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## സാധാരണ ഉണ്ടാകുന്ന സംശയങ്ങൾ

### 1) അവശതാ പെൻഷനു എങ്ങനെ അപേക്ഷിക്കാം?

ഓൺലൈൻ പെൻഷൻ അപേക്ഷ പേജിന്റെ ആദ്യഭാഗത്തായി അവശതാ പെൻഷൻ തെരഞ്ഞെടുത്ത് നൽകുന്നതിനുള്ള ഓപ്ഷൻ ലഭ്യമാണ്. എന്നാൽ അവശതാ പെൻഷന അപേക്ഷിക്കുമ്പോൾ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അസ്സൽ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്തിട്ടുണ്ടാവണം.

### 2) രണ്ട് ക്ഷീരസംഘങ്ങളിലെ പാലളവ് ഓൺലൈൻ അപേക്ഷയിൽ പരിഗണിക്കുവാൻ എന്ത് ചെയ്യണം?

പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ രണ്ട് ക്ഷീരസംഘങ്ങളിലെ പാലളവ് പരിഗണിക്കുന്നതിന ആവശ്യപ്പെടുന്ന ഒരു ഓപ്ഷൻ ലഭ്യമാണ്. അത്

സെലക്ട് ചെയ്ത് നൽകുന്നപക്ഷം രണ്ട് ക്ഷീരസംഘത്തിലെ പാലളവ് പരിഗണിക്കുവാൻ സാധിക്കും. ഒരു സംഘത്തിനു ആ സംഘത്തിലെ പാലളവ് മാത്രമെ രേഖപ്പെടുത്തുവാൻ സാധിക്കുകയുള്ളു. രണ്ടാമത്തെ സംഘത്തിലെ പാലളവ് രണ്ടാമത്തെ സംഘത്തിലോ അല്ലാത്തപക്ഷം ക്ഷീരവികസന ഓഫീസിലോ എന്റർ ചെയ്യുവാൻ സാധിക്കും.

**3) മരണപ്പെട്ട ക്ഷേമനിധി അംഗത്തിന്റെ പാലളവ് അനന്തരാവാകാശിക്ക് പെൻഷൻ ലഭിക്കുന്നതിന പരിഗണിക്കുമോ?**

ക്ഷേമനിധി നിയമം അനുസരിച്ച് പെൻഷൻ ലഭിക്കുന്നതിന മുമ്പ് മരണപ്പെടുന്ന ക്ഷേമനിധി അംഗത്തിന്റെ പാലളവ് അനന്തരാവകാശിയ്ക്ക് പെൻഷനായി പരിഗണിക്കാം. അതിനായി അനന്തരാവകാശി പുതുതായി ക്ഷേമനിധി അംഗത്വം നേടിയിട്ടുണ്ടാകണം. 60 വയസ്സ് പൂർത്തിയാക്കിയിട്ടുണ്ടാകണം. പ്രൊഫൈൽ പേജ് ഉപയോഗിച്ച് മരണപ്പെട്ട അംഗത്തെ ലിങ്ക് ചെയ്തിട്ടുണ്ടാകണം.

**4) അപ്‌ലോഡ് ചെയ്യുന്ന രേഖകൾ ഒറിജിനൽ തന്നെയാകണം എന്ന് നിർബന്ധമുണ്ടോ?**

തീർച്ചയായും, ഒറിജിനൽ രേഖകൾ മാത്രമേ അപ് ലോഡ് ചെയ്യുവാൻ പാടുള്ളു. അപേക്ഷ പരിശോധിക്കുന്ന വേളയിൽ ക്ഷീരവികസന ഓഫീസർ ആവശ്യപ്പെടുന്നപക്ഷം രേഖകൾ കാണിച്ച് ബോദ്ധ്യപ്പെടുത്തണം. ക്ഷീരവികസന യൂണിറ്റ് തലത്തിൽ നിന്നും പരിശോധിച്ച് സമർപ്പിക്കുന്ന അപേക്ഷയിലെ രേഖകൾ ക്ഷീരവികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയതായാണ് പരിഗണിക്കുന്നത്.

**5. ഒരു ക്ഷീരസംഘത്തിൽ അംഗത്വം എടുത്ത ക്ഷീരകർഷകൻ മറ്റൊരു ക്ഷീരസംഘം വഴി പെൻഷൻ അപേക്ഷ സമർപ്പിക്കുന്നത് എങ്ങനെ?**

ഒരു ക്ഷീരസംഘം മുഖേന ക്ഷേമനിധി അംഗത്വം എടുത്തതിനുശേഷം മറ്റൊരു ക്ഷീരസംഘം മുഖേന പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിന ആദ്യമായി ക്ഷേമനിധി അംഗത്വം പുതിയ സംഘത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണം. ക്ഷീരകർഷകന്റെ പ്രൊഫൈൽ പേജിൽ ട്രാൻസ്ഫറിനുള്ള ഓപ്ഷൻ ലഭ്യമാണ്. ക്ഷീരകർഷകൻ സമർപ്പിക്കുന്ന അംഗത്വം, ട്രാൻസ്ഫർ അപേക്ഷ അംഗത്വം മാറ്റപ്പെടേണ്ട ക്ഷീരസംഘം സെക്രട്ടറിയുടെ ഹോം പേജിൽ ലഭിക്കുന്നു. ക്ഷീരസംഘം സെക്രട്ടറി അംഗീകരിച്ച് ആയതിനുള്ള ബോർഡ് തീരുമാന സഹിതം ക്ഷീരവികസന ഓഫീസർക്ക് ഓൺലൈനായി സമർപ്പിക്കണം. ക്ഷീരവികസന ഓഫീസർ കൂടി അംഗത്വ ട്രാൻസ്ഫർ അപേക്ഷ അംഗീകരിക്കുന്നമുറയ്ക്ക് അംഗത്വം ട്രാൻസ്ഫറായി ലഭിക്കുന്നു. തുടർന്ന് പെൻഷനുള്ള അപേക്ഷ സമർപ്പിക്കാം.